പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 723 29/11/2018 - ൽ മറുപടിക്ക്

## പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കായി സഹകരണ വകുപ്പ് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി യു. പ്രതിഭ<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ. സി. കെ. ശശീന്ദ്രൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | പ്രളയദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്കായി സഹകരണ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; | എ) | പ്രളയ ദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ വകുപ്പ് വിവിധ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. CARe Kerala (Co-operative Alliance to Rebuild Kerala) എന്ന പദ്ധതിയുടെ ഭാഗമായി CARe-Home, CARe-Loan, CARe-Grace എന്നീ മൂന്ന് ഉപപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നത്. പ്രളയ ദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് CARe – Home. പ്രളയ ദുരന്ത ബാധിതർക്കുള്ള വായ്പാ പദ്ധതിയാണ് CARe-Loan. പ്രളയ ദുരന്ത ബാധിതർക്കുള്ള സേവന പദ്ധതിയാണ് CARe-Grace. |
| ബി) | ഇപ്രകാരം വീട് നഷ്ടപ്പെട്ട ഒരു കുടുംബത്തിന് ഭവന നിർമ്മാണത്തിനായി എത്ര രൂപയാണ് ധനസഹായമായി നൽകാൻ ഉദ്ദേശിക്കുന്നത്; | ബി) | CARe – Home പദ്ധതിയുമായി ബന്ധപ്പെട്ട് പൂർണ്ണമായും ഭവനം നഷ്ടപ്പെട്ട ദുരന്ത ബാധിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള ധനസഹായം ഉൾപ്പെടെ 5 ലക്ഷം രൂപയാണ് ധനസഹായമായി നൽകാൻ ഉദ്ദേശിക്കുന്നത്. |
| സി) | ഗുണഭോക്താക്കളെ കണ്ടെത്തുന്നത് എപ്രകാരമാണെന്നും വീടുകളുടെ നിർമ്മാണച്ചുമതല | സി) | ജില്ലയിലെ റവന്യൂ അധികാരികൾ നൽകുന്ന പട്ടിക അനുസരിച്ചാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. വീടുകൾ നിർമ്മിച്ച് നൽകുന്നതിന് സ്ഥലത്തെ സാമ്പത്തിക ഭദ്രതയുള്ള |

| | | | |
|---|---|---|---|
| | ആരെയാണ് ഏൽപ്പിക്കാനുദ്ദേശിക്കുന്നതെന്നും അറിയിക്കാമോ; | | സഹകരണ സംഘങ്ങളെയാണ് നിർമ്മാണ ചുമതല ഏൽപ്പിക്കുന്നത്. അതാത് പ്രദേശത്തെ സാഹചര്യം ഭൂമിയുടെ ഘടന, ലഭ്യത, ഗുണഭോക്താവിന്റെ താൽപ്പര്യം, സാമ്പത്തിക സ്ഥിതി എന്നിവയ്ക്ക് അനുസരിച്ച് വീടിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിൽ എഞ്ചിനീയറിംഗ് വിദഗ്ധർ, എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ എന്നിവരുടെ സേവനം ലഭ്യമാക്കി, 500 ചതുരശ്ര അടി വരെ വിസ്തൃതിയുള്ള വീടുകളുടെ നിർമ്മാണം ആരംഭിച്ച് മൂന്ന് മാസത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) | പ്രസ്തുത ഭവന നിർമ്മാണ പദ്ധതിയ്ക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഡി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ഉൾപ്പെടെ ഒന്നാം ഘട്ടത്തിൽ 100 കോടി രൂപയാണ് പ്രസ്തുത ഭവന പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ